**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1551** **08-10-2021 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കൃഷിവകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **Shri. P. Prasad**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കൃഷിവകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തരവും നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ്; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കൃഷി, മണ്ണ് സംരക്ഷണം, ജലസേചനം, തണ്ണീർത്തട നീർച്ചാലുകളുടെ സംരക്ഷണം എന്നിവയ്ക്കായി പ്രസ്തുത നിയോജകമണ്ഡലത്തിൽ കൂടുതൽ പദ്ധതികൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ജനകീയാസൂത്രണ പദ്ധതികളിൽ ഉൾപ്പെടുത്തി ജലസേചന കിണർ, കിണർ റീചാർജ്ജിംഗ്, ജലസേചന പമ്പ് സെറ്റ് എന്നിവ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നു. PMKSY- പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജന – സൂക്ഷ്മ ജലസേചനം മുഖേന ജല ഉപയോഗം കുറച്ച് വിളവ് വർദ്ധിപ്പിക്കാനുതകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. **പച്ചക്കറി വികസന പദ്ധതി**

പച്ചക്കറി വികസന പദ്ധതി പ്രകാരം താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

- സ്കൂൾ പച്ചക്കറി കൃഷി
- പച്ചക്കറി കൃഷി ചെയ്യുന്നവർക്ക് സ്പ്രേയർ സബ്സിഡി
- പച്ചക്കറി കൃഷി ചെയ്യുന്നവർക്ക് പമ്പ് സെറ്റ്
- ക്ലസ്റ്റർ പച്ചക്കറി കൃഷി
- ഗ്രോ ബാഗിലെ പച്ചക്കറി കൃഷി
- മഴമറ
- തരിശ് കൃഷി
- സുഭിക്ഷ കേരളം പദ്ധതി

2. **കിഴങ്ങുവർഗ്ഗ വികസനം**

- ഇടവിള കൃഷി
- തരിശ് കൃഷി

3. **നാളികേര വികസനം**

നാളികേര കൗൺസിൽ മുഖാന്തിരം കുറിയ ഇനം ഹൈബ്രിഡ് WCT തെങ്ങിൻ തൈകൾ 50 % സബ്സിഡിയിൽ വിതരണം ചെയ്യുന്നു.

4. **സുഗന്ധ വ്യഞ്ജന വികസനം**

- കുരുമുളക് കൃഷി വികസനം
- ഇഞ്ചി കൃഷി വികസനം
- ജാതി ഗ്രാമ്പു കൃഷി വികസനം
- കുരുമുളക് പുനരുദ്ധാരണം
- പ്രളയ ബാധിത പ്രദേശങ്ങളിൽ ജാതി കൃഷി പുനരുദ്ധാരണം

5. **ജൈവ കൃഷിയും ഉത്തമ രീതികളും**

- ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ക്ലസ്റ്ററുകളുടെ രൂപീകരണം.
- ജൈവ പച്ചക്കറി ഉത്പാദനം
- ഭാരതീയ പ്രകൃതി കൃഷി പദ്ധതി സുഭിക്ഷം സുരക്ഷിതം പദ്ധതി
  കർഷക കൂട്ടായ്മയിലൂടെ ജൈവ ഉൽപ്പാദനോപാധികൾ നിർമ്മിക്കുകയും അവ കൃഷിയിടത്തിൽ പ്രയോഗിയ്ക്കുകയും ചെയ്യുന്നു.

6. **ആത്മ പദ്ധതികൾ**

കർഷകർക്കുള്ള പരിശീലനങ്ങളും മാതൃകാപ്ലോട്ടുകൾ, കർഷക ഗ്രൂപ്പുകൾക്ക് ഉൽപ്പാദനോപാധികൾ വിതരണം ചെയ്യുക, കർഷക സഭകളും ഞാറ്റുവേല ചന്തയും നടപ്പിലാക്കി വരുന്നു.

7. **ഹോർട്ടികൾച്ചർ മിഷൻ പദ്ധതി**

ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

- ഫലവൃക്ഷങ്ങളുടെ വിള വിസ്തൃതി വികസനം
- (ഡ്രാഗൺ ഫ്രൂട്ട്,വാഴ, പൈനാപ്പിൾ, പപ്പായ, പ്ലാവ്, റംബൂട്ടാൻ, പാഷൻ ഫ്രൂട്ട്, മാങ്കോസ്റ്റിൻ, ജാമുൻ)
- ഹൈബ്രിഡ് പച്ചക്കറി കൃഷി വികസനം

- പൂക്കൃഷി വികസനം
- സുഗന്ധ വ്യഞ്ജന കൃഷി വികസനം കുരുമുളക്, ഇഞ്ചി, മഞ്ഞൾ
- തോട്ടവിള കൃഷി കൊക്കോ കൃഷി
- കുരുമുളക്, കൊക്കോ, മാവ് തുടങ്ങയവയുടെ പുനരുജ്ജീവന പദ്ധതി
- ജല സംഭരണ സംവിധാനങ്ങളുടെ നിർമ്മാണം 50% സബ്സിഡി
- സംരക്ഷിത കൃഷി വികസനം തണൽ വല, പോളി ഹൗസിൽ പച്ചക്കറി കൃഷി സഹായം
- കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം
- ഹോർട്ടികൾച്ചർ യന്ത്ര വൽക്കരണം ടില്ലർ, കാടുവെട്ടിയന്ത്രം, സ്പ്രേയർ

8. **വിള പരിപാലന പദ്ധതി**

- എലി നിർമ്മാർജന പരിശീന പരിപാടി
- കീട നിരീക്ഷണത്തിനുള്ള സഹായം പരിശീലന പരിപാടികൾ.

9. **ഫലവർഗ്ഗ പദ്ധതി**

ടിഷ്യുകൾച്ചർ വാഴ, വാഴക്കന്ന് വിതരണം, വാഴ പൈനാപ്പിൾ എന്നിവയുടെ വിസ്തൃതി വ്യാപനം, ദീർഘകാല പച്ചക്കറി തൈവിതരണം

കാര്യക്ഷമതാ പരിശീലന പരിപാടി, കൃഷി പാഠശാലകൾ, ഭക്ഷ്യ സുരക്ഷാ ഗ്രൂപ്പുകൾ പരിശീലന പരിപാടികൾ, പ്രദർശന തോട്ടങ്ങൾ, സംയോജിത മാതൃക കൃഷിത്തോട്ടം.

10. **ഓണം വിപണി പദ്ധതി**

ഓണക്കാലത്ത് പഴം, പച്ചക്കറി വിപണിയിലുണ്ടാകുന്ന വിലക്കയറ്റത്തെ പ്രതിരോധിക്കുന്നതിനായി കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ കൃഷിഭവനുകൾതോറും പഴം, പച്ചക്കറി വിപണികൾ ആരംഭിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. ഈ പദ്ധതി പ്രകാരം കർഷകരിൽ നിന്ന് കൂടിയ നിരക്കിൽ പഴം, പച്ചക്കറി ഉല്പന്നങ്ങൾ സംഭരിക്കുകയും സംഭരണ വിലയെക്കാൾ കുറഞ്ഞ നിരക്കിൽ പൊതു ജനങ്ങൾക്ക് അവ ലഭ്യമാക്കുകയും ചെയ്യുന്നു.

11. **ബയോഗ്യാസ് പദ്ധതി**

ബയോഗ്യാസ് പദ്ധതി പ്രകാരം സാധാരണ ബയോഗ്യാസ് പ്ലാൻറും സാനിറ്ററി ടോയ്ലറ്റ് പ്ലാൻറും സ്ഥാപിക്കുന്നതിന് ഒരു മീറ്റർ ക്യൂബ് വിസ്തൃതിയുള്ള പ്ലാന്റുകൾക്ക് കേന്ദ്ര സബ്സിഡി ആയി വിഭാഗത്തിന് 7500 രൂപയും എസ്.സി/എസ്.റ്റി വിഭാഗങ്ങൾക്ക് 10000/- രൂപയും ജനറൽ നൽകുന്നു. 2 മീറ്റർ ക്യൂബ് മുതൽ 6 മീറ്റർ ക്യൂബ് വരെ വിസ്തൃതിയുള്ള പ്ലാന്റുകൾക്ക് കേന്ദ്ര സബ്സിഡി ആയി ജനറൽ വിഭാഗത്തിന് 12000 രൂപയും എസ്.റ്റി/എസ്.എസി വിഭാഗങ്ങൾക്ക് 13000/- രൂപയും നൽകുന്നു. കൂടാതെ സംസ്ഥാന വിഹിതമായി 8000/- രൂപയും സബ്സിഡി നൽകുന്നു. കൂടാതെ നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പരിശീലനവും നൽകുന്നു.

12. **സ്മാം**

കൃഷിയിടങ്ങളിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നതിനായി 60% കേന്ദ്രഫണ്ടും, 40% സംസ്ഥാന ഫണ്ടും ഉപയോഗിച്ച് നടപ്പിലാക്കുന്നു. നിലം ഒരുക്കുന്നത് മുതൽ കൊയ്യുന്നതിന് വരെ ആവശ്യമായ ട്രാക്ടർ, ടില്ലർ, സ്പ്രെയർ, പുല്ല് വെട്ടി, കൊയ്ത്ത് യന്ത്രം എന്നിവ ഈ പദ്ധതിയിൽ വാങ്ങിയിട്ടുണ്ട്. കൂടാതെ കർഷകർക്ക് മിതമായ വാടക നിരക്കിൽ കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കുന്നതിനായി ഈ വർഷം ഫാം മെഷിനറി ബാങ്കുകൾക്ക് സബ്സിഡി നൽകുന്നു.

13. **കുട്ടിക്കൽ അഗ്രോ സർവ്വീസ് സെന്റർ**

കാഞ്ഞിരപ്പള്ളി ബ്ലോക്കിലെ കൃഷി വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളിലേയ്ക്ക് ആവശ്യമായ നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും നടത്തിക്കൊണ്ടിരിക്കുന്നു.

- കർഷക ഗ്രൂപ്പുകൾക്ക് വാഴകൃഷിയ്ക്ക് ധനസഹായം Rs. 11,00,000/-
- കർഷക സംഘങ്ങൾക്കും കാർഷിക വിപണിയ്ക്കും റിവോൾവിംഗ് ഫണ്ട് Rs. 6,00,000/ -

- സുഭിക്ഷ കേരളം കാർഷിക മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളായി മാറ്റൽ RS.5,50,080/- ഇതു കൂടാതെ എല്ലാ പഞ്ചായത്തുകളും ജനകീയാസൂത്രണ പദ്ധതി പ്രകാരം കൃഷിയ്ക്ക് പ്രൊജക്ടുകൾ ചെയ്യുന്നു.

14. **വിള ഇൻഷ്വറൻസ് പദ്ധതി**

പ്രകൃതി ക്ഷോഭം മൂലം സംഭവിക്കുന്ന കൃഷി നാശത്തിന് നഷ്ടപരിഹാരം നല്കുക എന്നതാണ് കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശം. തെങ്ങ്, വാഴ, റബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറികൾ, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല് എന്നീ വിളക വിള ഇൻഷ്വറൻസ് പദ്ധതി ബാധകമായിരിക്കും

15. **ഓർഗാനിക് ഫാമിംഗ്**

സംസ്ഥാനത്ത് ജൈവ കൃഷിയിലൂടെ സുരക്ഷിതമായ ഭക്ഷ്യോത്പാദനത്തിനായുള്ള പ്രവർത്തനങ്ങൾ ഈ പദ്ധതിയിലൂടെ നടത്തുന്നു. ജൈവ സർട്ടിഫിക്കേഷനായുള്ള സഹായം ക്ലസ്റ്ററുകളുടെ ശക്തിപ്പെടുത്തൽ, ക്ലസ്റ്ററുകൾക്ക് പ്രോത്സാഹന സഹായം പച്ചില വള പ്രയോഗം എന്നിവയിലൂടെ സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യോത്പാദനം സാധ്യമാക്കുന്നു.

- എക്കോഷോപ്പുകൾക്ക് വിപണന സഹായം
- പ്രവർത്തനങ്ങളുടെ നടത്തിപ്പിനായുള്ള സഹായം

16. **സുഭിക്ഷം സുരക്ഷിതം(ബി.പി.കെ.പി.)**

കേന്ദ്രപദ്ധതിയായ (ബി.പി.കെ.പി.) പ്രകാരം കേരളത്തിൽ നടപ്പിലാക്കുന്ന സുഭിക്ഷം സുരക്ഷിതം പദ്ധതി ജൈവ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ലക്ഷ്യമിടുന്നു. ഈ പദ്ധതി പ്രകാരം 500 ഹെക്ടർ സ്ഥലം ഒരു ക്ലസ്റ്റർ ആയി രൂപീകരിച്ച് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

17. **ഒരുകോടി ഫലവൃക്ഷതൈ വിതരണം**

ഈ പദ്ധതി പ്രകാരം കൃഷി ഭവനുകൾ വഴി ഫലവൃക്ഷതൈകൾ സൗജന്യനിരക്കിലും ബഡ്, ഗ്രാഫ്റ്റ് എന്നിവ 75% സബ്സിഡി നിരക്കിലും പൊതുജനങ്ങൾക്ക് നൽകിവരുന്നു.

## മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നിലവിൽ നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെട്ട രണ്ട് നീർത്തട പദ്ധതികളും മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതിയുമാണ് നടപ്പിലാക്കി വരുന്നത്. ആർ.ഐ.ഡി.എഫ് പദ്ധതിയുടെ 22 –ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച മുണ്ടക്കയം പഞ്ചായത്തിലെ 136 ലക്ഷം രൂപ അടങ്കലുള്ള മൈലത്തടി നീർത്തട പദ്ധതിയിൽ നാളിതുവരെ 110.56 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്. ആർ.ഐ.ഡി.എഫ് പദ്ധതിയുടെ 25 –ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പാറത്തോട്, മുണ്ടക്കയം പഞ്ചായത്തുകളിൽ ഉൾപ്പെട്ട 147.99 ലക്ഷം രൂപ അടങ്കലുള്ള ചെറുമല പാലയ്ക്കാം നീർത്തട പദ്ധതിയിൽ നാളിതുവരെ 60.97 ലക്ഷം രൂപ ചിലവഴിച്ച് വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി കൂട്ടിക്കൽ പഞ്ചായത്തിൽ 62.65 ലക്ഷം രൂപ അടങ്കലുള്ള മൂപ്പൻമല പദ്ധതിയിൽ നാളിതുവരെ 23.29 ലക്ഷം രൂപയുടെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളുടെ മണ്ണ് ഭൂപടം ഡിജിറ്റലായി തയ്യാറാക്കി വരുന്നു.